പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 278      21.6.2013-ന് മറുപടിക്ക്

## കക്കൂസ് മാലിന്യ സംസ്കരണ നിലയങ്ങൾ സംബന്ധിച്ച കോടതിവിധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. തിലോത്തമൻ<br>'' ഇ. കെ. വിജയൻ<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ. കെ. അജിത് | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| എ) എല്ലാ ജില്ലകളിലും കക്കൂസ് മാലിന്യ സംസ്കരണ നിലയങ്ങൾ സ്ഥാപിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ളതായി സുപ്രീം കോടതി പരാമർശം ഉണ്ടായിട്ടുണ്ടോ ; | എ) ഉണ്ട്. |
| ബി) എല്ലാ ജില്ലകളിലും സംസ്കരണ നിലയങ്ങൾ സ്ഥാപിക്കണമെന്ന് 2011-ൽ ഹൈക്കോടതിയുടെ ഉത്തരവുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ, ഈ ഉത്തരവിനെതിരെ സുപ്രീംകോടതിയിൽ ഹർജി നൽകിയിട്ടുണ്ടോ ; | ബി) ഉണ്ട്. ഹൈക്കോടതി ഉത്തരവിനെതിരെ ബഹു. സുപ്രീംകോടതിയിൽ ഹർജി നൽകിയിരുന്നു. |
| സി) 2011-ൽ സമർപ്പിച്ച സത്യവാങ് മൂലം പുതിയതെന്ന രീതിയിൽ സുപ്രീം കോടതിയിൽ ഹാജരാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തു കൊണ്ടാണ് ; വെളിപ്പെടുത്തുമോ ; | സി) ഇല്ല. |
| ഡി) എല്ലാ ജില്ലകളിലും കക്കൂസ് മാലിന്യ സംസ്കരണ നിലയങ്ങൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ, ആയതിനുള്ള എന്തെല്ലാം പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട് ; വിശദമാക്കുമോ? | ഡി) ഉണ്ട്. കേരളത്തിലെ മഹാനഗരങ്ങളായ തിരുവനന്തപുരം, കൊല്ലം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ സുസ്ഥിര നഗര വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന മലിനജലസംസ്കരണ ശാലയോടൊപ്പം കക്കൂസ് മാലിന്യം കൂടി സഹസംസ്കരണം നടത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അവയിൽ തിരുവനന്തപുരത്തെ ദിവസേന |

107 ദശലക്ഷം ലിറ്റർ മലിനജലം സംസ്കരി
ക്കത്തക്കതരത്തിൽ ജൂൺ 30-ന്
പ്രവർത്തനക്ഷമമാകുന്ന പ്ലാന്റിനോടൊപ്പം
കക്കൂസ് മാലിന്യവും സംസ്കരിക്കാൻ
കഴിയുന്നവിധത്തിൽ ഈഞ്ചയ്ക്കൽ
പമ്പുഹൗസിൽ മലിനജലവുമായി കൂട്ടി
ക്കലർത്തി സംസ്കരിക്കാവുന്ന
തരത്തിലാണ് വിഭാവനം ചെയ്തിട്ടുള്ളത്.
ശേഷിക്കുന്ന ജില്ലകളായ പത്തനംതിട്ട, ഇ
ടുക്കി, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, പാല
ക്കാട്, മലപ്പുറം, വയനാട്, കോഴിക്കോട്,
കണ്ണൂർ (കണ്ണൂർ, കാസർഗോഡ്
ജില്ലകൾക്കായി) എന്നീ സ്ഥലങ്ങളിൽ
സെപ്റ്റേജ് മാത്രം സംസ്ക്കരിക്കുന്ന
പ്ലാന്റുകൾ സ്ഥാപിക്കാനാണ് നടപടി
എടുത്ത് വരുന്നത്. ഇത്തരം പ്ലാന്റുകൾ
സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം
ലഭ്യമാക്കുന്നതിന് 5 ജില്ലകളിൽ ജില്ലാ കള
ക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 4
സ്ഥലങ്ങളിൽ കോട്ടയം (വൈക്കം),
ആലപ്പുഴ, കണ്ണൂർ, വയനാട് (കൽപ്പറ്റ)
എന്നിവിടങ്ങളിൽ ബന്ധപ്പെട്ട മുനിസ്സിപ്പാ
ലിറ്റികളുടെ സ്ഥലം ഉപയോഗപ്പെടുത്താ
നാണ് നടപടി കൈക്കൊണ്ടിട്ടുള്ളത്.

സെക്ഷൻ ഓഫീസർ